**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 281** **27-01-2026 - ൽ മറുപടിയ്ക്ക്**

**ശിശുമരണനിരക്ക് കുറയ്ക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. യു. ആർ. പ്രദീപ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ ശിശുമരണനിരക്ക് ക്രമാനുഗതമായി കുറച്ചുകൊണ്ടുവരുന്നതിനും അതുവഴി യു.എസ്.എ.യുടെ ശിശുമരണനിരക്കിനേക്കാളും കുറവു രേഖപ്പെടുത്താനും കഴിഞ്ഞിട്ടുള്ളത് സംസ്ഥാനത്തെ ആരോഗ്യമേഖലയിൽ കൈവരിക്കാൻ കഴിഞ്ഞ അപൂർവ്വനേട്ടമായി വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. കേരളത്തിന്റെ ശിശുമരണ നിരക്ക് 5 ഉം അമേരിക്കൻ ഐക്യനാടുകളുടെ ശിശുമരണ നിരക്ക് 5.6 ഉം ആണ്. ശിശുമരണ നിരക്ക് കുറയ്ക്കാൻ കഴിഞ്ഞത് കേരളത്തിന്റെ ഒരു ചരിത്ര നേട്ടമാണ്. |
| (ബി) | എങ്കിൽ ഈ ചരിത്ര നേട്ടത്തിൽ എത്തിച്ചേരുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ; | (ബി) | ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഏറ്റവും കുറഞ്ഞ മാതൃ - ശിശുമരണ നിരക്ക് കേരളത്തിലാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി ഇത്തരത്തിൽ മാതൃ - ശിശുമരണനിരക്ക് കുറച്ച് കൊണ്ടുവരുവാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ മാതൃ - ശിശുമരണനിരക്ക് കുറയ്ക്കുന്നതിനായി ആരോഗ്യ വകുപ്പും, നാഷണൽ ഹെൽത്ത് മിഷനും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് IAP (Indian Academy of Paediatrics) KFOG (Kerala Federation of Obstetrics and Gynecology) ന്റെ സാങ്കേതിക സഹകരണത്തോടെ ഒരു പ്രവർത്തനപദ്ധതി തയ്യാറാക്കി കേരളത്തിലെ പ്രസവം നടക്കുന്ന എല്ലാ സർക്കാർ ആശുപത്രികളിലും നടപ്പിലാക്കിവരുന്നു. കൂടാതെ മാതൃ ശിശുമരണ നിരക്ക് കുറയ്ക്കുക, ഗർഭിണികളായ സ്ത്രീകൾക്കും നവജാത ശിശുക്കൾക്കും മികച്ച പരിചരണം ഉറപ്പുവരുത്തുക എന്നീ ലക്ഷ്യത്തോടുകൂടി 'ലക്ഷ്യ പദ്ധതിയും' നടപ്പിലാക്കി വരുന്നു.<br><br>ശിശു മരണനിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി ഹൃദ്യം, ശലഭം, ആർ.ബി.എസ്.കെ., ഡിസ്ട്രിക്റ്റ് ഏർളി ഇന്റർവെൻഷൻ സെന്റർ (DEC), ആശാധാര പദ്ധതി, FBNC-SNCU, NBSU, MEDICAL NICU, Special Newborn Care Unit (SNCU/ NICU), വിവ കേരള, KARE, പ്രതീക്ഷ എന്നീ |

പദ്ധതികൾ വഴി പതിനെട്ട് വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ സഹായപദ്ധതികളും സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ഹൃദ്യം

ശിശുമരണത്തിന്റെ പ്രധാന കാരണങ്ങളിൽ ഒന്നായ ജന്മനാലുള്ള ഹൃദയവൈകല്യങ്ങൾ യഥാസമയം കണ്ടെത്തി മതിയായ ചികിത്സ ഉറപ്പാക്കുന്നതിനായി 'ഹൃദ്യം പദ്ധതി' നടപ്പാക്കിവരുന്നു. ഇതിലൂടെ 8813 ശസ്ത്രക്രിയകളും, ഇന്റർവെൻഷനുകളും ഇതിനോടകം നടത്തിയിട്ടുണ്ട്. എസ്.എ.റ്റി (ശ്രീ അവിട്ടം തിരുനാൾ ആശുപത്രി) തിരുവനന്തപുരം, മെഡിക്കൽ കോളേജ് കോട്ടയം, മെഡിക്കൽ കോളേജ് കോഴിക്കോട് ആശുപത്രി കൂടാതെ സ്വകാര്യ ആശുപത്രികളായ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് കൊച്ചി, ലിസ്സി ഹോസ്പിറ്റൽ എറണാകുളം, ബിലീവേഴ്സ് ചർച്ച് ആശുപത്രി തിരുവല്ല എന്നീ ആശുപത്രികളെ ആർ.ബി.എസ്.കെ മാർഗ്ഗ നിർദ്ദേശം അനുസരിച്ച് എംപാനൽ ചെയ്തിട്ടുണ്ട്. 'ഹൃദ്യം' പദ്ധതിക്ക് രണ്ട് പ്രധാന നാഷണൽ അവാർഡുകളും ലഭിച്ചിട്ടുണ്ട്.

ശലഭം ( Comprehensive Newborn Screening)

ഇതിന്റെ ഭാഗമായി സർക്കാർ ആശുപത്രികളിൽ പ്രസവിക്കുന്ന എല്ലാ നവജാത ശിശുക്കളെയും ഡിസ്ചാർജ്ജ് ചെയ്യുന്നതിന് മുമ്പായി വിവിധ പരിശോധനകൾ നടത്തി ശലഭം വെബ്പോർട്ടലിൽ രേഖപ്പെടുത്തുകയും, ഇവ കൃത്യമായ ഇടവേളകളിൽ സാമൂഹ്യതലത്തിൽ തുടർ പരിചരണം ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. ഏകദേശം 8 ലക്ഷത്തിൽപരം കുട്ടികളിൽ ഇത്തരത്തിൽ പരിശോധനകൾ നടത്തി തുടർ പരിചരണം സാധ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ രാജ്യത്ത് തന്നെ ആദ്യമായി ബർത്ത് ഡിഫക്ടുകൾക്കുള്ള ഒരു വെബ്പോർട്ടൽ രജിസ്ട്രിയും സാധ്യമായി.

ഫീൽഡ് തല RBSK സ്ക്രീനിംഗ് (RBSK Community Level Screening)

കുട്ടികളിലെ ജനന വൈകല്യങ്ങൾ, വളർച്ചാമാന്ദ്യങ്ങൾ, പോഷകാഹാരക്കുറവ്, മറ്റു തെരഞ്ഞെടുത്ത ശിശുരോഗങ്ങൾ എന്നിവ നേരത്തെ കണ്ടെത്തുന്നതിനും സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനുമായി കേന്ദ്ര സർക്കാർ

പിന്തുണയോടെ കേരളത്തിൽ നടപ്പിലാക്കിവരുന്ന ഒരു ആരോഗ്യ പദ്ധതിയാണ് ആർ.ബി.എസ്.കെ (രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം). സ്കൂൾ കേന്ദ്രീകൃത ആരോഗ്യ പരിപാടിയിൽ നിന്ന് വ്യത്യസ്തമായി അങ്കണവാടികൾ /കിൻഡർ ഗാർഡൻ, പ്ലേ സ്കൂളുകൾ എന്നിവിടങ്ങളിലും രോഗപ്രതിരോധ കുത്തിവെയ്പ്പ് സെന്ററുകളും കേന്ദ്രീകരിച്ച് 6 വയസ്സുവരെയുള്ള കുട്ടികളിൽ ആരോഗ്യ സ്ക്രീനിംഗ് നടത്തുന്നതിലേക്ക് ഈ പദ്ധതി വിപുലീകരിച്ചിട്ടുണ്ട്. ഇതിനായി കുട്ടികളുടെ വളർച്ചയും വികാസവും ശരിയായ വിധത്തിലാണോയെന്ന് പരിശോധിക്കുന്നതിനും അവർക്ക് ആരോഗ്യകരമായ വളർച്ചയിലേക്ക് വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകാനും ഓരോ പഞ്ചായത്തിലും മുൻസിപ്പാലിറ്റിയിലും ആർ.ബി.എസ്.കെ നഴ്സിന്റെ സേവനവും ലഭ്യമാണ്.

ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്റർ (DEIC)

കുട്ടികളിലെ വളർച്ചയിലെ കാലതാമസവും വൈകല്യങ്ങളും നേരത്തെ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള സംവിധാനം ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ എന്ന പേരിൽ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നു. ശിശുരോഗ വിദഗ്ധനും, മെഡിക്കൽ ഓഫീസറും, ഡെന്റൽ ഡോക്ടറുടെയും നേതൃത്വത്തിൽ സമഗ്രമായ ആരോഗ്യ പരിശോധനയും സ്പീച്ച് തെറാപ്പി, ഫിസിയോ തെറാപ്പി, ഓഡിയോളജി, ഓപ്റ്റോമെട്രി, സ്പെഷ്യൽ എഡ്യൂക്കേഷൻ, സൈക്കോളജിക്കൽ കൗൺലിംഗ് തുടങ്ങിയ തെറാപ്പി സേവനങ്ങളും തികച്ചും സൗജന്യമായി ഇവിടെ നിന്നും ലഭ്യമാണ്.

മുസ്കാൻ

സംസ്ഥാനത്തെ ആശുപത്രികളെ മാതൃശിശു സൗഹൃദമാക്കാനായി സർക്കാർ പ്രത്യേക പരിശ്രമമാണ് നടത്തുന്നത്. അത്തരത്തിൽ നവജാത ശിശുക്കളുടെയും കുട്ടികളുടെയും രോഗാവസ്ഥയും മരണനിരക്കും കുറയ്ക്കുന്നതിന് പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ ഗുണനിലവാരമുള്ള ശിശു സൗഹൃദ സേവനങ്ങൾ ഉറപ്പാക്കുക എന്നതാണ് മുസ്കാൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ശാരീരികവും മാനസികവും സാമൂഹികവുമായ വികസനം ഉൾപ്പെടെ കുട്ടികളുടെ വളർച്ചയുടെയും വികാസത്തിന്റെയും എല്ലാ സുപ്രധാന വശങ്ങളും ഇതിൽ ഉൾകൊള്ളുന്നു. സ്പെഷ്യൽ ന്യൂ ബോൺ കെയർ യൂണിറ്റ്, ന്യൂ ബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റ്, പ്രസവാനന്തര വാർഡുകൾ, പീഡിയാട്രിക് ഒപിഡികൾ, എന്നീ വിഭാഗങ്ങളുടെ ഗുണനിലവാരം

മെച്ചപ്പെടുത്തുകയെന്നതാണ് മുസ്കാൻ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. ഈ സർക്കാരിന്റെ കാലത്ത് 7 ആരോഗ്യ സ്ഥാപനങ്ങൾക്ക് മുസ്കാൻ (MusQan) അംഗീകാരം ലഭിച്ചു. 2 മെഡിക്കൽ കോളേജ്, 5 ജില്ലാ ആശുപത്രികൾ എന്നിവയ്ക്കാണ് (MusQan) സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുള്ളത്.

ആശാധാര പദ്ധതി

ഹീമോഫീലിയ ബാധിതരായ 18 വയസ്സിനു താഴെയുള്ള മുഴുവൻ കുട്ടികൾക്കും 'ആശാധാര' പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സ എമിസിസുമാബ് പ്രൊഫൈലാക്സിസ് നൽകിവരുന്നു. തലാസീമിയ ബാധിതരായ കുട്ടികൾക്ക് ഇതേ പദ്ധതിക്ക് കീഴിൽ തുടർചികിത്സയും നൽകിവരുന്നുണ്ട്. അരിവാൾ കോശരോഗ ബാധിതരായ കുഞ്ഞുങ്ങൾക്ക് രോഗം കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും വേണ്ടുന്ന നടപടികൾ രോഗബാധ വ്യാപകമായിട്ടുള്ള വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്നു.

FBNC- SNCU, NBSU, MEDICAL NICU

ഓരോ നവജാതശിശുവിനും ജനനസമയത്തും ആദ്യത്തെ 48 മണിക്കൂർ ആരോഗ്യ കേന്ദ്രത്തിലും പിന്നീട് 15 മാസം വരെ വീട്ടിലും അവശ്യ സേവനങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനുള്ള ഒരു തുടർ പരിചരണസംവിധാനമാണ് FBNC (ഫെസിലിറ്റി ബേസ്ഡ് നവജാത ശിശു സംരക്ഷണം).

Special Newborn Care Unit (SNCU/MNICU)

24x7 പ്രവർത്തനസമയമുള്ള സെക്കന്ററി ലെവൽ പ്രത്യേക നവജാത ശിശു സംരക്ഷണ യൂണിറ്റാണ് SNCU. തൂക്കക്കുറവുള്ളവരും രോഗികളുമായ നവജാതശിശുക്കൾക്ക് പരിചരണം നൽകുന്നതിന് മികച്ച പരിശീലനം ലഭിച്ച ഡോക്ടർമാരും സ്റ്റാഫ് നഴ്സുമാരും സപ്പോർട്ട് സ്റ്റാഫുമുള്ള ജില്ലാ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും സ്ഥിതി ചെയ്യുന്ന 12 കിടക്കകളുള്ള വലിയ യൂണിറ്റാണ്. SNCU-കളിൽ 1800 ഗ്രാമിൽ താഴെ ഭാരമുള്ള ശിശുക്കളുടെ പരിചരണം നൽകുന്നു. മുഴുവൻ താലൂക്ക് ആശുപത്രികളിലും നവജാത ശിശു പരിചരണ യൂണിറ്റുകളും ആരംഭിച്ചിട്ടുണ്ട്.

മികച്ച ഗുണനിലവാരത്തിലുള്ള ശിശുസൗഹൃദസേവനങ്ങൾ എല്ലാവർക്കും ഉറപ്പുവരുത്തുന്നതിനായി മെഡിക്കൽ കോളേജ്,

SNCU/NBSU, Paediatric OPD, Paediatric ward, Nutrition Rehabilitation centre എന്നിവിടങ്ങളിലെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി MUSQAN പ്രോഗ്രാമും ഇതോടൊപ്പം നടത്തിവരുന്നു.

<u>വിവ കേരള</u>

15-59 വയസ്സ് വരെയുള്ള പെൺകുട്ടികൾക്കും, ഗർഭിണികൾക്കും, മറ്റു സ്ത്രീകൾക്കും വിളർച്ചയുണ്ടോ എന്ന് പരിശോധിച്ച് വേണ്ട ചികിത്സ നൽകുന്നതിനും പൊതുവിൽ അവബോധം സൃഷ്ടിക്കുന്നതിനും വേണ്ടി 'വിവ കേരള പദ്ധതി' കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴിയും ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴിയും നടപ്പിലാക്കി വരുന്നു.

<u>KARE (Kerala united Against Rare Disease)</u>

അപൂർവ്വ രോഗങ്ങൾ കാരണം ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് രോഗങ്ങൾ പ്രതിരോധിക്കാനും, നേരത്തേ കണ്ടെത്താനും, ചികിത്സ ലഭ്യമായ സാഹചര്യങ്ങളിൽ അവ ലഭ്യമാക്കാനും, മരുന്നുകൾ കൂടാതെ സാധ്യമായ തെറാപ്പികൾ, സാങ്കേതിക സഹായ ഉപകരണങ്ങൾ ലഭ്യമാക്കുക, ഗൃഹകേന്ദ്രീകൃത സേവനങ്ങൾ ഉറപ്പുവരുത്തുക, മാതാപിതാക്കൾക്കുള്ള മാനസിക സാമൂഹിക പിന്തുണ ഉറപ്പുവരുത്തുക തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഒരുക്കിയ ഒരു സമഗ്രപരിചരണ പദ്ധതിയാണ് KARE.

SMA അപൂർവ്വ രോഗങ്ങളുടെ ഗണത്തിൽപ്പെടുന്ന ഒരു ജനിതക രോഗമാണ്. ഓട്ടോസോമൽ റെസ്സസ്സീവ് രീതിയിൽ കുടുംബങ്ങളിൽ കണ്ടു വരുന്നതും SMN 1 ജീനിനുണ്ടാകുന്ന മ്യൂട്ടേഷൻ (ജനിതക മാറ്റം) കൊണ്ടുണ്ടാകുന്നതുമാണ്. പൊതുവെ പേശികളുടെ ബലക്കുറവ് മൂലം ചലനം സാധ്യമല്ലാത്ത അവസ്ഥ സംജാതമാകുന്നു. ഇത് കൈകാലുകളുടെ, പേശികളുടെ ബലക്ഷയത്തോടെ തുടങ്ങി ക്രമേണ ശ്വസന പേശികളുടെ ബലക്ഷയത്തിലേക്ക് പുരോഗമിക്കുകയും അതിലൂടെ ശ്വസന സഹായികളിലൂടെ ജീവൻ നിലനിർത്തേണ്ട അവസ്ഥയിലേക്ക് രോഗിയെ നയിക്കുകയും ചെയ്യുന്നു. രോഗബാധിതരായവർക്ക് മരുന്നുകൾ കൊണ്ടുള്ള ചികിത്സയോടൊപ്പം ഫിസിയോതെറാപ്പി, രോഗതീവ്രത ഉണ്ടാകുമ്പോൾ വേണ്ട ചികിത്സ ലഭ്യമാക്കുക തുടങ്ങി പലതരത്തിലുള്ള ചികിത്സകൾ നൽകേണ്ടതുണ്ട്. ഇതിനായി National Rare Diseases Policy 2021 മാനദണ്ഡങ്ങൾ അനുസരിച്ച്

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം എസ്.എ.റ്റി ആശുപത്രിയിൽ സർക്കാർ തലത്തിൽ ആദ്യമായി ഒരു എസ്.എം.എ ക്ലിനിക്ക് വിവിധ ചികിത്സ വിഭാഗങ്ങളെ ഏകോപിപ്പിച്ച് രൂപീകരിച്ചിട്ടുണ്ട്. ഇതിൽ പീഡിയാട്രിക് ന്യൂറോളജി, ജനറ്റിക്സ്, ഓർത്തോപീഡിക്സ്, പൾമൊണറി മെഡിസിൻ, ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ എന്നീ വകുപ്പുകളിൽ നിന്നുള്ള വിദഗ്ധരെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവിടെ ഇത്തരത്തിലുള്ള കുട്ടികളുടെ രോഗനിർണ്ണയം, വിവിധങ്ങളായ ചികിത്സ എന്നിവ നൽകുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കി വരുന്നു.<br><br><u>പ്രതീക്ഷ</u><br><br>ജന്മനാ വൃക്കകളുടെയും മൂത്രനാളിയിലെയും അപാകതകളുള്ള കുട്ടികളുടെ പരിചരണവും ചികിത്സയും മെച്ചപ്പെടുത്തുന്നതിനായി 'പ്രതീക്ഷ' എന്ന പേരിൽ ഒരു സമഗ്ര പദ്ധതി നടപ്പിലാക്കാനുള്ള മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒരു വെബ്പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. SAT ആശുപത്രിയിൽ നെഫ്രോളജി വിഭാഗമാണ് ഇതിന്റെ നോഡൽ കേന്ദ്രമായി പ്രവർത്തിക്കുന്നത്. ജില്ലകളിൽ ഇതിന്റെ ഏകോപനം DEIC വഴിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) | ദേശീയ നീതി ആയോഗ് സൂചികയിൽ, ആരോഗ്യമേഖലയിൽ എന്തെല്ലാം കാര്യങ്ങളിലാണ് കേരളം മുന്നിലെത്തിയതായി രേഖപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് നിരവധി പ്രധാന സൂചികകളിൽ കേരളം ഒന്നാം സ്ഥാനത്ത് എത്തിയിട്ടുണ്ട്. പ്രധാന ദേശീയ സൂചികകളും അവയുമായി ബന്ധപ്പെട്ട വിശദീകരണവും ചുരുക്കമായി ചുവടെ ചേർക്കുന്നു.<br><br><u>ദേശീയ ഇൻഡക്സുകളിൽ ഒന്നാം സ്ഥാനം.</u><br><br>NITI Aayog State Health Index (Health Outcomes, Governance, Key Processes എന്നിവ ഉൾപ്പെടുന്ന ആരോഗ്യ പ്രകടന സൂചികയിൽ വലിയ സംസ്ഥാനങ്ങളെ അപേക്ഷിച്ച് തുടർച്ചയായി നാല് റിപ്പോർട്ട് റൗണ്ടുകളിലും (മെച്ചപ്പെട്ട ആരോഗ്യ ഫലങ്ങൾ, ഭരണം, പ്രോസ്സസ് സൂചികകൾ) കേരളം ഒന്നാം സ്ഥാനം നേടിയിട്ടുണ്ട്<br><br>* NITI Aayog പുറത്തിറക്കുന്ന SDG India Index ൽ SDG 3 (Good Health & Well-being) സൂചികയിൽ ആദ്യ രണ്ടു റിപ്പോർട്ടുകളിൽ കേരളം ദേശീയതലത്തിൽ ഒന്നാം സ്ഥാനം കൈവരിച്ചിട്ടുണ്ട്.<br><br>* മുഴുവൻ SDG കളുടെ സംയുക്ത സ്കോറിൽ (overall SDG composite index) കേരളം തുടർച്ചയായി രാജ്യത്തിൽ ഒന്നാം സ്ഥാനം നിലനിർത്തുന്നു. ഇതിൽ |

ആരോഗ്യ മേഖലയിലെ മികച്ച പ്രകടനവും ഉൾപ്പെട്ടിരിക്കുന്നു. കൂടാതെ വ്യക്തിഗത ആരോഗ്യ സൂചികകളിൽ (SDG 3 ബന്ധപ്പെട്ട്) ദേശീയതലത്തിൽ ഒന്നാം സ്ഥാനംവും കൈവരിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ NITI Aayog ന്റെ SDG 3 ഇൻഡക്സ് പ്രകാരം, താഴെ പറയുന്ന പ്രത്യേക ആരോഗ്യ സൂചികകളിൽ കേരളം രാജ്യത്ത് ഒന്നാം സ്ഥാനത്ത് എത്തിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

* Maternal Mortality Rate (MMR) - മാതൃമരണ നിരക്ക് ഏറ്റവും കുറവുള്ള സംസ്ഥാനം

* Under 5 Mortality Ratio (U5MR) - അഞ്ചു വയസ്സിന് താഴെയുള്ള ശിശുമരണ നിരക്ക് (Under 5 Mortality) ഏറ്റവും കുറവുള്ള സംസ്ഥാനം.

*HIV Incidence - പുതിയ HIV ഇൻഫെക്ഷൻ നിരക്ക് (incidence) ഏറ്റവും കുറഞ്ഞ സംസ്ഥാനങ്ങളിലെ SDG 3 സൂചികയിൽ കേരളം ഒന്നാമതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

* Life Expectancy at birth - ജനന സമയം പ്രതീക്ഷിക്കാവുന്ന ആയുസ് (Life Expectancy) ദേശീയ ശരാശരിയെക്കാളും ഏറെ ഉയർന്നതും, SDG 3 ഇൻഡക്സിൽ ഈ സൂചികയിൽ കേരളം ഒന്നാം സ്ഥാനത്തുമാണ്. കൂടാതെ Health worker density പരിശോധിക്കുകയാണെങ്കിൽ ജനസംഖ്യയ്ക്ക് ആനുപാതികമായ ആരോഗ്യപ്രവർത്തകരുടെ സാന്ദ്രത (ഡോക്ടർമാർ, നഴ്സുമാർ തുടങ്ങിയവരുടെ എണ്ണം/10,000 population) ഏറ്റവും ഉയർന്ന സംസ്ഥാനമായി കേരളം ഒന്നാം സ്ഥാനത്താണ്.

മറ്റ് പ്രധാന മികച്ച സൂചികകൾ

* Infant Mortality Rate (IMR)- ശിശുമരണ നിരക്ക് ദേശീയതലത്തിൽ ഏറ്റവും കുറവുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം.

* Total Fertility Rate (TFR) പുനഃരുത്പാദന നിലയിൽ (replacement level) താഴെയായി വളരെ നേരത്തെയെത്തിയ സംസ്ഥാനമായി. MDG/SDG ലക്ഷ്യങ്ങൾ ആരോഗ്യമേഖലയിൽ ഏറ്റവുമാദ്യം കൈവരിച്ച സംസ്ഥാനത്തിലൊന്നായി ദേശീയ റിപ്പോർട്ടുകളിൽ പരാമർശമുണ്ട്. കേരളം SDG 3 ൽ 11 സൂചികകളിൽ 5 എണ്ണത്തിൽ (MMR, U5MR, HIV incidence, Life Expectancy, Health worker density) 2023-24 ൽ തുടർന്നും ഒന്നാം സ്ഥാനം നിലനിർത്തിയെങ്കിലും മൊത്തം സ്കോറിൽ നാലാം

| | | | |
|---|---|---|---|
| | | | സ്ഥാനത്താണ്. (പുതിയ സൂചികകൾ suicide rate: 28.5/lakh, accident death എന്നിവ കാരണം) NITI Health Index 2020-21 larger states ൽ absolute performance ൽ ഒന്നാമതാണ് കേരളം.<br><br>* ക്ഷയരോഗ ബാധിതരുടെ എണ്ണത്തിൽ ഏറ്റവും കുറവ് രോഗികകളുടെ എണ്ണത്തിൽ സംസ്ഥാനങ്ങളുടെ തലത്തിൽ 2021 ലും 2022 ലും ഏറ്റവും ഉയർന്ന അവാർഡ് ലഭിച്ചത് കേരളത്തിനാണ്.<br><br>1. ആശുപത്രിയിലെ പ്രസവം - പ്രസവ സമയത്ത് പ്രൊഫഷണൽ പരിചരണം ഉറപ്പാക്കികൊണ്ട് സംസ്ഥാനത്ത് ഏതാണ്ട് , സാർവ്വത്രികമായ ആശുപത്രി പ്രസവം (Institutional Deliveries) 99.85% ആയി നിലനിർത്തുന്നു.<br><br>2. എച്ച്.ഐ.വി ബാധിതരുടെ എണ്ണം - 1,000 പേരിൽ 0.01 ആയി എച്ച്.ഐ.വി ബാധിച്ചിട്ടില്ലാത്തവരെ കുറയ്ക്കുന്നതിൽ കേരളം പുരോഗതി കൈവരിച്ചു. കഴിഞ്ഞ സൂചിക റൗണ്ടിൽ ഇത് 0.02 ആയിരുന്നു.<br><br>3. ആരോഗ്യ പ്രവർത്തക സാന്ദ്രത - ഏറ്റവും ഉയർന്ന തൊഴിൽ മെഡിക്കൽ സാന്ദ്രത കേരളത്തിലാണ്. 10,000 ജനസംഖ്യയിൽ 144 ഫിസിഷ്യൻമാർ, നഴ്സുമാർ, മിഡ് വൈഫുകൾ എന്നിവരാണുള്ളത്. മുൻ റൗണ്ടിൽ ഇത് 115 ആയിരുന്നു. |
| (ഡി) | മാതൃ ശിശു സൗഹൃദ ആശുപത്രി ഇനിഷ്യേറ്റീവ് പദ്ധതി രാജ്യത്താദ്യമായി നടപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ. പ്രവർത്തിച്ചു വരുന്ന മെഡിക്കൽ കോളേജുകളായ മഞ്ചേരി, കോഴിക്കോട്, വയനാട് മെഡിക്കൽ കോളേജുകൾക്ക് ഈ സർക്കാരിന്റെ കാലയളവിൽ മുസ്കാൻ അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസവത്തിനായി അമ്മയ്ക്കും, കുഞ്ഞിനും പ്രസവ മുറിയിലും ഓപ്പറേഷൻ തീയറ്ററിലും നാഷണൽ സ്റ്റാൻഡേർഡ് ലെവലിലുള്ള ക്വാളിറ്റി ഉറപ്പാക്കുന്ന സംവിധാനമാണ് ലക്ഷ്യ. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിച്ചു വരുന്ന മെഡിക്കൽ കോളേജുകളായ തിരുവനന്തപുരം, കോട്ടയം, കോഴിക്കോട്, വയനാട്- മെഡിക്കൽ കോളേജുകൾക്ക് ഈ സർക്കാരിന്റെ കാലയളവിൽ ലക്ഷ്യ അംഗീകാരവും ലഭിച്ചിട്ടുണ്ട്.<br><br>കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നതിലൂടെയാണ് പ്രസ്തുത സർട്ടിഫിക്കേഷനുകൾ ലഭിക്കുന്നത്. ലേബർ റൂം, മെറ്റേണിറ്റി ഓ.റ്റി, ഐ.സി.യു, എച്ച്.ഡി.യു എന്നിവിടങ്ങളിൽ ഗർഭിണികൾക്ക് നൽകുന്ന |

| | | | |
|---|---|---|---|
| | | | പരിചരണത്തിന്റെ ഗുണനിലവാരം ഉയർത്തിയതിന്റെയും പ്രസവ സമയത്തെയും പ്രസവാനന്തര കാലഘട്ടത്തിലെയും ഗുണനിലവാരം മെച്ചപ്പെടുത്തിയതിലൂടെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജുകൾക്ക് ലക്ഷ്യ അംഗീകാരം കൈവരിക്കുവാൻ സാധിച്ചു. നവജാത ശിശുക്കൾക്കും കുട്ടികൾക്കും നൽകുന്ന പരിചരണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിലൂടെ ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും മുസ്കാൻ പദ്ധതി ലക്ഷ്യമിടുന്നു. ഓ.പി.ഡി, നിയോനാറ്റൽ യൂണിറ്റ്, പീഡിയാട്രിക് വാർഡുകൾ തുടങ്ങിയവയുടെ ഗുണനിലവാരം നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഉയർത്തിയതിന്റെ ഭാഗമായിട്ടാണ് മുസ്കാൻ അംഗീകാരം ലഭിക്കുന്നത്.<br><br>എം ബി എഫ് എച് ഐ (മദർ ആൻഡ് ബേബി ഫ്രണ്ട്ലി ഹോസ്പിറ്റൽ ഇനിഷ്യേറ്റീവ്) സർട്ടിഫിക്കേഷൻ പ്രോഗ്രാം- മുലയൂട്ടൽ നയം ശക്തിപ്പെടുത്തുന്നതിനും അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും സമഗ്രമായ ആരോഗ്യസംരക്ഷണം ഉറപ്പാക്കുന്നതിനുമായി സർക്കാർ സ്വീകരിച്ച ഒരു സജീവവും പ്രശംസനീയവുമായ സംരംഭമാണിത്. ഈ പദ്ധതിയുടെ ഭാഗമായി ആശുപത്രികളെ ശാസ്ത്രീയമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തി സർട്ടിഫൈ ചെയ്യുന്നതിലൂടെ മുലയൂട്ടൽ പ്രോത്സാഹിപ്പിക്കുകയും അതിന് അനുകൂലമായും, പിന്തുണാപരമായ അന്തരീക്ഷം ആരോഗ്യസ്ഥാപനങ്ങളിൽ സൃഷ്ടിക്കുകയും ചെയ്യുകയാണ് ലക്ഷ്യം. നിലവിൽ എം.ബി.എഫ്.എച്ച്.ഐ പദ്ധതിയുടെ ഭാഗമായി 25സർക്കാർ ആശുപത്രികളും 34 സ്വകാര്യ മേഖലയിലെ ആശുപത്രികളും ഉൾപ്പെടെ ആകെ 59 ആശുപത്രികൾക്ക് സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ